# അർജ്ജുനന്റെ ചോദ്യങ്ങൾ?



വരാത്ര ശ്രീകുമാർ

ഇതിഹാസകൃതിയായ മഹാഭാരതത്തിൽ കൗരവരും പാണ്ഡവരും തമ്മിലുള്ള മഹായുദ്ധം ആരംഭിച്ചപ്പോൾ കുരുവംശരാജാവായ ധൃതരാഷ്ട്രർ സഞ്ജയനോടു വിശദമായി യുദ്ധവിവരങ്ങൾ തിരക്കുന്ന ഭാഗത്തോടെയാണ് ഭഗവദ്ഗീത തുടങ്ങുന്നത്. ഒരു ലക്ഷം ശ്ലോകങ്ങളുള്ള മഹാഭാരതത്തിലെ ഭീഷ്മപർവ്വത്തിൽ 25 മുതൽ 42 വരെയുള്ള അദ്ധ്യായങ്ങൾ ആണ് ഗീതയുടെ 18 അദ്ധ്യായങ്ങൾ (ഏതാണ്ട് 700 ശ്ലോകങ്ങൾ). ശ്രീമദ് ഭാഗവതം പോലെ ഒരു പുരാണമോ രാമായണം പോലെ ഒരു സ്വതന്ത്രകാവ്യമോ അല്ല ഗീത. വേദങ്ങളിൽ ഉള്ളതല്ല ഗീത എങ്കിലും ഉപനിഷദ് സാരസർവ്വസ്വം എന്നാണു ഗീതയെ പണ്ഡിതർ വിശേഷിപ്പിക്കുന്നത്. ഗീത ഉൾച്ചേരുന്ന മഹാഭാരതമാവട്ടെ ഒരു ഇതിഹാസകാവ്യമാണ്. അത് 'ചരിത്രം അതേപടി എഴുതിയതല്ല' എന്നാൽ മുഴുവൻ കെട്ടുകഥയുമല്ല. പിന്നെയോ? "ധർമ്മാർത്ഥകാമമോക്ഷാണാം ഉപദേശ സമന്വിതം പൂർവ്വംവൃത്തം കഥായുക്തം ഇതിഹാസം പ്രചക്ഷതേ" എന്നത്രേ ഇതിഹാസത്തിന്റെ നിർവ്വചനം. അതായത് ചരിത്രത്തെ മനസ്സിലാക്കി, അതിലെ പുരുഷാർത്ഥങ്ങളെ (ധർമ്മം , അർത്ഥം, കാമം, മോക്ഷം) വേർതിരിച്ചറിഞ്ഞ്, കഥാരൂപത്തിൽ, ഉപദേശഭാവത്തിൽ നിർമ്മിക്കുന്നതാണ് ഇതിഹാസം. വെറുതെ ചരിത്രം എഴുതിവെച്ചാൽ നമുക്ക് ഗുണം കിട്ടില്ല. വെറുതെ കഥ പറഞ്ഞാൽ നമ്മൾ വിശ്വസിക്കുകയുമില്ല. അതുകൊണ്ടാണ് വ്യാസൻ മഹാഭാരതം ഇതിഹാസമായി ചമച്ചത്. അതിൽ ചരിത്രമുണ്ട് (സ്ഥലനാമങ്ങളും പ്രധാനം സംഭവങ്ങളും ഒട്ടൊക്കെ ചരിത്രപരമാണ്), പക്ഷേ കഥാപാത്രങ്ങളുടെ പേരുകളിലും സംഭവങ്ങളിലും (സാഹിത്യപരമായ) ഭാവനയുമുണ്ട്. അങ്ങനെ ലക്ഷണയുക്ത്യാ ഇതിഹാസത്തിലെ ഉപദേശഭാവമാണ് ഗീതയിൽ തെളിയുന്നത്.

കുരുക്ഷേത്രത്തിൽ ഇരുവശത്തും സേനകൾ അണിനിരന്നതും യുദ്ധകാഹളം മുഴക്കിയതും അർജ്ജുനന്റെ ആഗ്രഹപ്രകാരം തേരാളിയായ ശ്രീകൃഷ്ണൻ രഥം ഇരുസേനകളുടെയും ഇടയിൽ കൊണ്ട് നിർത്തിയതും അപ്പോൾ കൗന്തേയൻ വിഷണ്ണനായി യുദ്ധത്തിൽ നിന്ന് വിരമിക്കുന്നതായി പറഞ്ഞതും കൃഷ്ണൻ ദീർഘമായ ഉപദേശങ്ങൾ നല്കിയതും തുടർന്ന് യുദ്ധം നടക്കുന്നതും വ്യാസൻ നല്കിയ ദിവ്യദൃഷ്ടികൊണ്ടു കണ്ട് സഞ്ജയൻ ധൃതരാഷ്ട്രരോട് ഹസ്തിനാപുരത്തിരുന്നു വിവരിക്കുന്നതായിട്ടാണ് മഹാഭാരതത്തിൽ ചിത്രീകരിച്ചിരിക്കുന്നത്.

ഇതിൽ ശ്രീകൃഷ്ണൻ അർജ്ജുനന് യുദ്ധക്കളത്തിൽവെച്ചു നല്കിയ ഉപദേശങ്ങൾ ആണല്ലോ ഭഗവദ്ഗീത എന്നറിയപ്പെടുന്നത്. ഒന്നാമദ്ധ്യായത്തിൽ ശ്രീകൃഷ്ണൻ കാര്യമായ ഉപദേശമൊന്നും നൽകുന്നില്ല. കൃത്യമായി പറഞ്ഞാൽ രണ്ടാമദ്ധ്യായത്തിലെ പതിനൊന്നാം ശ്ലോകം മുതലാണ് ഗീതോപദേശം തുടങ്ങുന്നത്. എങ്കിലും ഗീതയെ അറിയാൻ ഒന്നാമദ്ധ്യായം വളരെ ഉപകാരപ്രദമാണ്. കിരീടിയുടെ ചോദ്യങ്ങൾ ആണല്ലോ കൃഷ്ണനെ വിശദമായ ഒരു പ്രഭാഷണത്തിലേക്ക് നയിച്ചത്. ആ ചോദ്യങ്ങൾ മാത്രമല്ല, അവ ചോദിക്കാൻ അർജ്ജുനനെ പ്രേരിപ്പിച്ച ഘടകങ്ങളെപ്പറ്റിയുള്ള സൂചനകൾ എല്ലാംതന്നെ ഒന്നാമദ്ധ്യായത്തിൽ ആണുള്ളത്. ആ ഘടകങ്ങൾക്കാവട്ടെ, വളരെയധികം പ്രാധാന്യമുണ്ട്, കാരണം, നാമറിയുന്ന അർജ്ജുനൻ പരമശിവനോട് പോലും യുദ്ധം ചെയ്തിട്ടുള്ള ധീരനാണ്. പേടിയോ മടിയോ പാർത്ഥനെ തൊട്ടുതീണ്ടിയിട്ടില്ല. പേടിസ്വപ്നം കാണാതിരിക്കാൻ ധനഞ്ജയന്റെ പേരുകൾ ഉരുവിടുന്ന നമുക്ക് "സേനയോരുഭയോർമദ്ധ്യേ" (1:21) ആ വില്ലാളിവീരനുണ്ടായ ഇടയിളക്കം ഉൾക്കൊള്ളാൻ പ്രയാസമാണ്.

അതുകൊണ്ട്, അർജ്ജുനന്റെ ചോദ്യങ്ങൾ മനസ്സിലാക്കുന്നതിനു മുൻപ് ആ ഘടകങ്ങൾ എന്താണെന്ന് മനസ്സിലാക്കണം. അർജ്ജുനന് എതിരെ നിൽക്കുന്നത് ഗുരുക്കന്മാരും പിതാമഹനും ബന്ധുക്കളും ആണ്. അവരെ വധിച്ചാൽ യുദ്ധം ജയിക്കാം, പക്ഷേ ഇതുവരെ നേടിയ കീർത്തി നഷ്ടപ്പെടും – പിതൃഘാതകൻ എന്ന അകീർത്തിയാവും പിന്നെ ഉണ്ടാവുക! തന്നെയുമല്ല, യുദ്ധത്തിൽ ഇരുവശത്തും ധാരാളം ആളുകൾ മരിക്കുന്നതിനാൽ സാമൂഹിക അരക്ഷിതത്വം, വർണ്ണസങ്കരം, ധർമ്മച്യുതി എന്നിവ ഉണ്ടാവും, അങ്ങനെ സംസ്കാരം നശിക്കും അതുകൊണ്ട് ഞാൻ തോറ്റുകൊടുത്തേക്കാം എന്നാണു സവ്യസാചി ആദ്യം പറയുന്നത്.

ഇതിന്റെ മറുവശം മനസ്സിലാക്കിയാൽ അർജ്ജുനന്റെ മനോവിഭ്രമം നമുക്ക് കൂടുതൽ വ്യക്തമാവും. ഭീമനെ പേടിയുള്ള ദുര്യോധനൻ തന്റെ കൂട്ടരോടു പറഞ്ഞത് 'ഭീഷ്മരെ സംരക്ഷിച്ചുകൊണ്ട് ചുറ്റും നിൽക്കൂ, ഭീഷ്മർ ഉള്ളിടത്തോളം നാം അജയ്യരാണ്' എന്നത്രേ! "വയം ഭീഷ്മാഭിരക്ഷിതം" (1'10) "ഭീഷ്മമേവ അഭിരക്ഷന്തു" (1:11) എന്നീ ദുര്യോധനവാക്യങ്ങൾ ശ്രദ്ധിക്കുക. ചുരുക്കത്തിൽ ദുര്യോധനന് "ഭീമാഭിരക്ഷിതം" ആയ പാണ്ഡവപ്പടയെ, ഭീഷ്മർ യുദ്ധക്കളത്തിൽ ഉണ്ടെങ്കിൽ, ഭയമില്ല. ഭീഷ്മർ ഇല്ലെങ്കിലോ? എത്ര വലിയ സേന ഉണ്ടെങ്കിലും ഒരു പ്രയോജനവുമില്ല എന്ന് ദുര്യോധനന് നന്നായറിയാം ഭീഷ്മരെന്നല്ല ആര് കൊല്ലപ്പെട്ടാലും ദുര്യോധനന് സ്വയം രക്ഷിക്കപ്പെടണം, യുദ്ധം ജയിക്കണം. രാജ്യം ഭരിക്കണം എന്ന സ്വാർത്ഥത മാത്രമേയുള്ളൂ. അതുകൊണ്ട്തന്നെ അർജ്ജുനനെപ്പോലെ "അധർമ്മസങ്കടം" ഒന്നുമില്ല – മുങ്ങിയാൽ പിന്നെ കുളിരില്ലല്ലോ!

ഇപ്പുറത്ത് ഭീഷ്മരെയും ദ്രോണരെയും ധർമ്മയുദ്ധത്തിൽ കൊല്ലാനാവില്ല എന്നതാണ് അർജ്ജുനനെ അലട്ടുന്നതും (2:4–8). അതായത്, താൻ എന്തൊക്കെ ചെയ്താലും അധർമ്മയുദ്ധം ആണ് നടക്കാൻ പോകുന്നത് എന്നതാണ് അർജ്ജുനന്റെ പ്രശ്നം. തനിക്ക് രാജ്യവും അധികാരവും ഒന്നും വേണ്ട എന്ന് പറയുന്ന അർജ്ജുനൻ അതൊന്നും ആഗ്രഹിക്കാഞ്ഞിട്ടല്ല അങ്ങനെ പറയുന്നത്, അതൊക്കെ നേടിയാലും ഗുണമില്ലാതെ പോകും എന്ന തോന്നൽ കൊണ്ടാണ് – അതങ്ങനെതന്നെയല്ലോ ഒടുവിൽ സംഭവിച്ചതും! ആ തോന്നലിലേക്ക് പാർത്ഥനെ നയിച്ചതോ? അല്പജ്ഞാനവും! അജ്ഞാനത്തെക്കാൾ അപകടകരമാണ് അല്പജ്ഞാനം. വർണ്ണസങ്കരത്തെപ്പറ്റി, സ്വർഗ്ഗനരകങ്ങളെപ്പറ്റി ഒക്കെ അർജ്ജുനൻ വാചാലനാവുന്നത് ശ്രദ്ധിക്കൂ. എവിടെനിന്നൊക്കെയോ എന്തൊക്കെയോ വികലമായി പഠിച്ചുവന്നിട്ട് സർവ്വജ്ഞനായ കൃഷ്ണനോടു പ്രസംഗിക്കുന്നു അതൊക്കെ പുഞ്ചിരിച്ചുകൊണ്ട് കേട്ടുനിന്ന ആ 'ജഗദ്ഗുരു'വിന്റെ കാരുണ്യംകൂടി നമുക്ക് കാണാം! സംശയമില്ല, ആ വാത്സല്യം കൊണ്ടുതന്നെയാണ് കൃഷ്ണൻ ഒരമ്മയെപ്പൊലെ ആദ്യം ശാസിക്കുകയും പിന്നെ ഉപദേശിക്കുകയും ഒടുവിൽ പലവിധേന രക്ഷിക്കുകയും ചെയ്യുന്നത്.

യുദ്ധം ചെയ്താലും ചെയ്തില്ലെങ്കിലും, ജയിച്ചാലും തോറ്റാലും, അകീർത്തിയാണ് ഫലം എന്ന തോന്നൽ ആണ് അർജ്ജുനനെ വിഷാദവാനാക്കിയത്. രാജ്യം നേടിയാൽ അത് ബന്ധുക്കളുടെ രക്തം പുരണ്ടതായിരിക്കും, യുദ്ധത്തിൽ മരിച്ചാൽ അത് പരാജയപ്പെടൽ ആവും. അങ്ങനെ 'ധർമ്മസമ്മൂഢചേതസ്സ്'യി (2:7) പാർത്ഥൻ ശ്രീകൃഷ്ണനോട് അഹങ്കാരമൊക്ക വെടിഞ്ഞു 'നല്ലകുട്ടിയായി അപേക്ഷിക്കുമ്പോൾ ആണ് ഭഗവാൻ ഗീതോപദേശം തുടങ്ങുന്നത്. നമുക്ക് ജിവിതത്തിൽ പലപ്പോഴും നേരിടേണ്ടി വരുന്ന ഒരു പ്രതിസന്ധി ആണല്ലോ അത്. അപ്പോൾ ആരുണ്ട് നമുക്ക് നല്ലത് പറഞ്ഞുതരാൻ? ആരെങ്കിലും ഉണ്ടെങ്കിൽ പോലും അർജ്ജുനനെപ്പോലെ നാം അഹങ്കാരത്തോടെ അവരുടെ മുൻപിൽ നമ്മുടെ അൽപജ്ഞാനം വിളമ്പും! ആ അല്പജ്ഞാനത്തിന് ഭഗവാൻ ഒറ്റ വാക്യത്തിൽ, അർജ്ജുനന്റെ വാദം തന്നെ മറിച്ചിട്ടുകൊണ്ടാണ് മറുപടി പറയുന്നത് – ജയിച്ചാൽ രാജ്യം കിട്ടും, മരിച്ചാൽ സ്വർഗ്ഗം കിട്ടും, രണ്ടായാലും നല്ലതല്ലേ എന്ന് (2:37) അതായത്, എന്തുകൊണ്ട് അകീർത്തി ഉണ്ടാവും എന്ന് അർജ്ജുനൻ പറഞ്ഞുവോ അതുകൊണ്ടുതന്നെ കീർത്തി ഉണ്ടാവുമെന്ന്! കീർത്തിയും അകീർത്തിയും നിശ്ചയിക്കുന്നത് കർമ്മത്തോടുള്ള നമ്മുടെ മനോഭാവവും സമീപനവുമാണ്, കേവലമായ കർമ്മത്തിനതിലൊരു പങ്കുമില്ല എന്ന് ഇതിൽക്കൂടുതൽ എങ്ങനെ വ്യക്തമാക്കും!.

ഇവിടെയാണ് ഭഗവദ് ഗീതയുടെ പ്രസക്തി നാം തിരിച്ചറിയേണ്ടത്. യുദ്ധമെന്നല്ല, ഏതൊരു പ്രവൃത്തിയും ചെയ്യാൻ ഇറങ്ങിത്തിരിക്കുന്ന ആൾക്ക് പേടി/മടി മാറാനുള്ളതോ ഉത്തേജനം നൽകുന്നതോ ആയ മരുന്നല്ല ഗീത. അങ്ങനെയൊരു പാർശ്വഫലംകൂടി ഉണ്ടായേക്കാം എന്നുമാത്രം. ഗീതയുടെ ലക്ഷ്യം യുദ്ധമല്ല, കർമ്മം പോലുമല്ല! പിന്നെയോ? ഗീത നമ്മെ പഠിപ്പിക്കുന്നത് ജീവിതമാണ്. ജയപരാജയങ്ങൾക്കപ്പുറം മനുഷ്യജീവിതത്തിന്റെ അർഥം എന്താണ്? എന്തിനു നാം ജീവിക്കണം? എന്താണ് നമ്മെ പ്രപഞ്ചവുമായി ബന്ധിപ്പിക്കുന്നത്? എന്തുകൊണ്ട് ജനനമരണങ്ങൾ? എന്താണ് സ്വധർമ്മം? മൃഗങ്ങളെപ്പോലെ ആഹാരം, മൈഥുനം, സുരക്ഷ, ഉറക്കം എന്നീ കാര്യങ്ങളിൽ മാത്രം മുഴുകിയ ജീവിതം ആണോ മുനുഷ്യന് അഭികാമ്യം? അഥവാ സുഖദുഃഖങ്ങളുടെ ഉയർച്ചതാഴ്ചകളുടെ, സ്നേഹവിദ്വേഷങ്ങളുടെ, പ്രിയാപ്രിയങ്ങളുടെ കരകാണാക്കടലായ ഭൗതികതയിൽ മാത്രം വ്യാപൃതമായ ജീവിതമാണോ നാം നയിക്കേണ്ടത്? അല്ലെങ്കിൽ എന്തുകൊണ്ട് ? അതിനുപ്പുറം മുനുഷ്യന് എന്താണ് നേടാനുള്ളത് ? എന്താണതിനുള്ള സവിശേഷ കഴിവുകൾ? അതെങ്ങനെ നേടാം, വളർത്താം? അതിനുള്ള നേർവഴി ആര് കാട്ടിത്തരും? അതൊരു വ്യക്തിനിഷ്ഠമായ ലക്ഷ്യമാണോ അതോ സമൂഹത്തെയും ഈ പ്രപഞ്ചത്തെത്തന്നെയും ഉൾക്കൊള്ളുന്ന ഒന്നാണോ? എന്തിനാണ് അത് നേടുന്നത്? ഇത്തരം ചോദ്യങ്ങൾക്കാണ് ഭഗവാൻ വിശദമായ ഉത്തരം നൽകുന്നത്. അല്ലാതെ അർജ്ജനന്റെ ചപലമനസ്സിൽ ഉണ്ടായ സാങ്കേതിക ചോദ്യങ്ങൾക്കല്ല. അവയെന്നല്ല, അർജ്ജുനൻ പോലും വെറും നിമിത്തം മാത്രമാണല്ലോ! (നിമിത്തമാത്രം ഭവ സവ്യസാചിൻ 11:33).

നൊബേൽ സമ്മാനജേതാവായ ഡോ. അമർത്യാസെൻ ഒരിക്കൽ ഗീതാഭക്തരെ പരിഹസിച്ചുകൊണ്ട് പറഞ്ഞത്രേ, 'അർജ്ജുനന്റെ ചോദ്യങ്ങളാണ് കൃഷ്ണന്റെ ഉത്തരങ്ങളെക്കാൾ യുദ്ധാനന്തരം നിലനിന്നത്" എന്ന്. ശരിയാണ്, സദ്യ നന്നാവുകയും ഉണ്ണുന്നയാൾ വിശപ്പോടെ. രുചിയോടെ ഭക്ഷിക്കുകയും ചെയ്താൽ വിഭവങ്ങളല്ല, വിളമ്പിയ ഇല മാത്രമാണല്ലോ ഒടുവിൽ അവശേഷിക്കുക! അതുകൊണ്ട് മഹാഭാരതത്തിൽ വ്യാസനിട്ട ആ ചെറിയ ഇലയിൽ ശ്രദ്ധിക്കുന്നവർ അങ്ങനെ ചെയ്തോട്ടെ'. നമ്മൾ, പക്ഷേ ഭഗവാൻ വിളമ്പിയ സ്വാദിഷ്ഠമായ വിഭവങ്ങളിൽ – ഭക്തി – ജ്ഞാന – വൈരാഗ്യ യോഗങ്ങളിൽ അഥവാ താമസ – രാജസ – സാത്വിക ഭാവങ്ങളിൽ – മാത്രം ശ്രദ്ധ ചെലുത്തിയാൽ മതി. അങ്ങനെ ഗുരുവായൂരപ്പന്റെ ഗീതാമൃതം നമ്മെയെല്ലാവരെയും ആനന്ദിപ്പിക്കട്ടെ.